പട്ടികജാതിയിൽ നിന്നും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ

73 (1761) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാനത്ത് ഏതൊക്കെ സമുദായങ്ങളെയാണ് പട്ടികജാതിയിൽ നിന്നും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ 'വേട്ടുവ' സമുദായത്തെ ഏത് വിഭാഗത്തിലാണ്പ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) കരിംപാലൻ, മാവിലൻ എന്നീ സമുദായങ്ങളെയാണ് പട്ടികജാതിയിൽ നിന്നും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പുതിയ നോട്ടിഫിക്കേഷൻ പ്രകാരം വേട്ടുവ സമുദായം പഴയ കൊച്ചി സംസ്ഥാനത്തൊഴികെയുള്ള സ്ഥലങ്ങളിൽ പട്ടികജാതിയല്ല. പഴയ കൊച്ചി സംസ്ഥാനത്തിനു പുറമേയുള്ള വേട്ടുവ സമുദായങ്ങളെ മറ്റർഹ വിഭാഗങ്ങളിൽ (ഒ.ഇ.സി) പ്പെടുത്തി മന്ത്രിസഭ തീരുമാനമായിട്ടുണ്ട്.

പട്ടികവർഗ്ഗ വികസനത്തിന് കേന്ദ്രസർക്കാർ വിവിധ വർഷങ്ങളിൽ അനുവദിച്ച തുക

74 (1762) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ പട്ടികവർഗ്ഗ വികസനത്തിന് കേന്ദ്രസർക്കാരിൽ നിന്നും 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ലഭിച്ച തുക എത്ര ;

(ബി) ഈ വർഷങ്ങളിൽ സംസ്ഥാനസർക്കാർ നീക്കിവച്ച തുക എത്ര ;

(സി) ഇതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയ തുക എത്ര ;

(ഡി) ഇതിൽ എത്ര തുക ചെലവായി ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ കേന്ദ്രസർക്കാരിൽനിന്നും പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതികൾ	2001-2002, 2002-2003 (തുക ലക്ഷത്തിൽ)	
കേന്ദ്രാവിഷ്കൃത പദ്ധതികൾ	115.39	5.39
പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം ആർട്ടിക്കിൾ 275 (1) ഉൾപ്പെടെ	391.00	861.70

LIBRARY ARCHIVES Kerala Legislative Assembly

പുതിയ പദ്ധതികൾക്ക് അനുവദിച്ച പ്രത്യേക കേന്ദ്രസഹായം	2300.00	3500.00
ആകെ	2806.39	4367.00

(ബി) സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി 2001-2002 വർഷം 58 കോടി രൂപയും 2002-2003 വർഷം 85 കോടി രൂപയും വകയിരുത്തിയിരുന്നു.

(സി) 2001-2002 വർഷം പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്ന 53 കോടി രൂപയിൽ 40 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നത് തിരിച്ചെടുത്ത്. പട്ടികവർഗ്ഗ വികസന വകുപ്പിനെ ഏൽപ്പിച്ചിരുന്നു. 2002-2003 വർഷം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

(ഡി) പഞ്ചായത്തുകൾക്ക് തുക നൽകാതിരുന്നതിനാൽ തുകയൊന്നും ചെലവായിട്ടില്ല.

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ

75 (1763) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനും ഭൂമി വാങ്ങുവാൻ ധനസഹായം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2001-2002-ൽ പട്ടികജാതി കോ-ഓർഡിനേറ്റർമാർ എടുത്ത കണക്കനുസരിച്ച് കേരളത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	5,833
കൊല്ലം	-	1,321
പത്തനംതിട്ട	-	4,604
ആലപ്പുഴ	-	4,501
കോട്ടയം	-	3,267
ഇടുക്കി	-	12,552
എറണാകുളം	-	5,385

LIBRARY ARCHIVES Kerala Legislative Assembly